# മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

ചതുർവത്സര ബി.പി.ഇ.എസ് (ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ്) (2016 അഡ്മിഷൻ മുതൽ) റെഗുലേഷൻ - സ്കീം - സിലബസ് - ഭാഗിക ഭേദഗതി - ഫിസിക്കൽ എഡ്യൂക്കേഷൻ (യു.ജി) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർ പേഴ്സൺന്റെ ശുപാർശ - അംഗീകരിച്ചു - ഉത്തരവാകുന്നു.

======================================================================

## അക്കാദമിക് എ4 വിഭാഗം

സ.ഉ.നം. 6107/എIV/2/2017/അക്കാദമിക്. പി.ഡി. ഹിൽസ്, തീയതി: 14/10/2017

======================================================================

വായിക്കുക:-
1. 06/09/2016-ൽ പുറത്തിറങ്ങിയ സർവ്വകലാശാല ഉത്തരവ് നം. 4976/AIV/2/Acad/2016.
2. 26/11/2016-ൽ പുറത്തിറങ്ങിയ സർവ്വകലാശാല ഉത്തരവ് നം. 6304/AIV/2/Acad/2016.
3. 14/08/2017-ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ. 09/Ac.17/17/181.
4. 20/09/2017-ന് പുറത്തിറങ്ങിയ സർവ്വകലാശാല ഉത്തരവ് നം. 5652/എസി.എ4/2/2017.
5. 25/09/2017-ൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് ഇനം നം. 09.

## ഉത്തരവ്

ത്രിവത്സര ബി.പി.ഇ (ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ) കോഴ്സ്, ചതുർവത്സര ബി.പി.ഇ. കോഴ്സാക്കി ക്രമപ്പെടുത്തുന്നതിനും ചതുർവത്സര ബി.പി.ഇയുടെ റെഗുലേഷൻ, സ്കീം, സിലബസ് എന്നിവ അംഗീകരിക്കുന്നതിനുമുള്ള ശുപാർശകൾ ബോർഡ് ഓഫ് സ്റ്റഡീസ് (ഫിസിക്കൽ എഡ്യൂക്കേഷൻ) ചെയർ പേഴ്സൺ, സർവ്വകലാശാല മുൻപാകെ സമർപ്പിച്ചു. ടി വിഷയം അക്കാദമിക് കൗൺസിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനു വേണ്ടി വൈസ് ചാൻസിലറെ ചുമതലപ്പെടുത്തി. അതനുസരിച്ച് മുകളിൽ പരാമർശിച്ച പേപ്പർ (1) പ്രകാരമുള്ള ഉത്തരവ് പുറത്തിറങ്ങി.

31/05/2016-ൽ യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനിൽ നിന്നും ലഭിച്ച ഡി.ഒ.നം. F.5-1/2015(CPP-II) കത്ത് പ്രകാരം ബി.പി.ഇ കോഴ്സ് പഠിപ്പിക്കുന്ന സർവ്വകലാശാലകളിൽ ടി കോഴ്സ് റീ സ്ട്രക്ച്ചർ ചെയ്ത് തദനുസൃതമായി ബി.പി.ഇ.എസ് എന്ന് പുനർ നാമകരണം ചെയ്യുവാൻ നിർദ്ദേശിച്ചു.

ടി വിഷയങ്ങൾ വിശദമായി പരിശോധിച്ച വൈസ് ചാൻസിലർ ബി.പി.ഇ ഇന്റഗ്രേറ്റഡ് പ്രോഗ്രാമിന്റെ റെഗുലേഷനും സ്കീമും സിലബസും റീ-സ്ട്രക്ച്ചർ ചെയ്തത്, 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം 3 വകുപ്പ് 10(17) പ്രകാരം അംഗീകരിച്ചു. തദനുസരണം, മേൽ പരാമർശിച്ച പേപ്പർ (2) പ്രകാരമുള്ള സർവ്വകലാശാല ഉത്തരവ് പുറത്തിറങ്ങി.

മുകളിൽ പരാമർശിച്ച (3)-ാം പേപ്പർ പ്രകാരം 14/08/2017-ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗം, പുതിയ യു.ജി.സി വിജ്ഞാപനം അനുസരിച്ച് ബി.പി.ഇ (ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ) കോഴ്സ് ബി.പി.ഇ.എസ് (ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ്) എന്ന് 2016 അഡ്മിഷൻ മുതൽ പുനർ നാമകരണം ചെയ്യുവാൻ തീരുമാനിച്ചു. അതോടൊപ്പം തന്നെ ചതുർവത്സര ബി.പി.ഇ ഇന്റഗ്രേറ്റഡ് പ്രോഗ്രാമിന്റെ റെഗുലേഷനും സ്കീമും, സിലബസും പരിഷ്കരിക്കുന്നതിനുള്ള ശുപാർശ അംഗീകരിക്കുന്നതിനു അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു. അതനുസരിച്ച് മുകളിൽ

പരാമർശിച്ച 4-ാം പേപ്പർ പ്രകാരമുള്ള സർവ്വകലാശാല ഉത്തരവ് പുറത്തിറങ്ങി. എന്നാൽ മുകളിൽ പരാമർശിക്കപ്പെട്ട 2-ാം പേപ്പർ പ്രകാരം ബി.പി.ഇ ഇന്റഗ്രേറ്റഡ് പ്രോഗ്രാമിന്റെ റീ-സ്ട്രക്ചർ ചെയ്ത റെഗുലേഷൻ, സ്കീം, സിലബസ് എന്നിവ മുന്നേതന്നെ അക്കാദമിക് കൗൺസിൽ അധികാരപ്പെടുത്തിയ പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ചിട്ടുള്ളതാകയാൽ മുകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള 3-ാം പേപ്പർ പ്രകാരമുള്ള ചതുർവത്സര ബി.പി.ഇ ഇന്റഗ്രേറ്റഡ് പ്രോഗ്രാമിന്റെ റെഗുലേഷൻ, സ്കീം, സിലബസ് എന്നിവ പരിഷ്കരിക്കുന്നതിന് അക്കാഡമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയ തീരുമാനം പരിഗണിച്ച ടി കമ്മിറ്റി മുകളിൽ പരാമർശിച്ച 5-ാം പേപ്പർ അനുസരിച്ച് താഴെപ്പറയുന്ന പ്രകാരം തീരുമാനിച്ചു. 'ചതുർവത്സര ബി.പി.ഇ.എസ് കോഴ്സിന്റെ പുതുക്കിയ റെഗുലേഷനും, സ്കീമും, സിലബസും 2016 അഡ്മിഷൻ മുതൽ ബാധകമാക്കുവാൻ ശുപാർശ ചെയ്യുന്നു.'

ടി വിഷയം വിശദമായി പരിശോധിച്ച വൈസ് ചാൻസിലർ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം, അദ്ധ്യായം 3 വകുപ്പ് 10(17) പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് ടി ശുപാർശ അംഗീകരിച്ചു.

ബി.പി.ഇ.എസ് (ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ്), സ്കീം, സിലബസ്, റെഗുലേഷൻ എന്നിവയ്ക്ക് 2016 അഡ്മിഷൻ മുതൽ പ്രാബല്യം നല്കിക്കൊണ്ട് മേൽ പരാമർശിച്ച പേപ്പർ '2' പ്രകാരമുള്ള സർവ്വകലാശാല ഉത്തരവ് ഇതിനാൽ ഭാഗികമായി ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
**ശ്രീരാജ് ആർ.**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്.മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
3. ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ
4. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/പരീക്ഷ)
5. എസി.സി/എസി.എൽ സെക്ഷനുകൾ
6. ഇ.ഐ.XIV/ഇ.ബി.XII/സീറ്റെക്സ് സെക്ഷനുകൾ
7. കണ്ടന്റ് മാനേജ്മെന്റ്/പിആർഒ സെക്ഷനുകൾ/ഇൻഫർമേഷൻ സെന്ററുകൾ
8. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എIV/2/ബി.പി.ഇ(4 വർഷം)/15